കണ്ണൂർ	-	5 അപേക്ഷകൾ	7 വർഷം
	-	10 "	6 "
	-	19 "	5 "
	-	11 "	4 "
	-	11 "	3 "
	-	9 "	2 "
	-	16 "	1 "
	-	17 "	6 മാസത്തിൽ താഴെ പഴക്കം.
കാസർഗോഡ്	-	5 വർഷം മുതൽ 15 വർഷം വരെ പഴക്കമുള്ള ഫയലുകൾ ഉണ്ട്.	

(ഡി) ഇല്ല.

(ഇ) കാലതാമസം ഒഴിവാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഭൂമി പതിച്ച് നൽകുന്നതിന് ശ്രീ. ഖാസി മുഹമ്മദ് സമർപ്പിച്ച ഹർജി

15(1325) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തെക്കിൽ വില്ലേജിൽ റി. സ 412/1 എ-യിൽപെട്ട പുറംപോക്ക് സ്ഥലത്ത് താമസിക്കുന്ന ഖാസിം മുഹമ്മദ് മുതൽ പേർക്ക് പ്രസ്തുത ഭൂമി പതിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഹർജിയിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പതിച്ചു നൽകുവാൻ ആവശ്യപ്പെട്ട സ്ഥലം പൊതു ആവശ്യങ്ങൾക്കായി നീക്കിവച്ചിട്ടുള്ള സ്ഥലമായതിനാൽ, നിലവിലുള്ള നിയമ പ്രകാരം അപേക്ഷകർക്ക് പതിച്ച് നൽകുവാൻ നിർവ്വാഹമില്ല.

ഹോസ്ദുർഗ്ഗ് താലൂക്ക് ഓഫീസ് കോമ്പൗണ്ടിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിന് നടപടി

16(1326) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്ക് ഓഫീസ് കോമ്പൗണ്ടിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനായി തറക്കല്ല് സ്ഥാപിച്ചിട്ടുണ്ടായിരുന്നോ ;

(ബി) പ്രസ്തുത സ്ഥലത്ത് റവന്യൂ ടവർ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി-സി) നിലവിലുള്ള സാമ്പത്തിക പരിമിതിമൂലം വളരെ അത്യാവശ്യമായ കേന്ദ്രങ്ങളിൽ ഒഴിച്ച് മറ്റ് സ്ഥലങ്ങളിൽ റവന്യൂ ടവറുകൾ പണിയുന്നതിന് ഉദ്ദേശമില്ല.

റാന്നി റവന്യൂ ടവറിന്റെ നിർമ്മാണം

17 (T1327) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി റവന്യൂ ടവർ നിർമ്മിക്കുവാൻ റവന്യൂ വകുപ്പിൽ നിന്നും സ്ഥലം ഹൗസിംഗ് ബോർഡിന് കൈമാറിയത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) റാന്നി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുവാൻ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്ഥലം മടക്കി നൽകണമെന്നാവശ്യപ്പെട്ട് റവന്യൂ വകുപ്പ് നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഹൗസിംഗ് ബോർഡ് സ്ഥലം വിട്ടുകൊടുക്കാത്തതുകൊണ്ട് റാന്നി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം ആരംഭിക്കുവാൻ കഴിയാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം മുടക്കാതെ റവന്യൂ വകുപ്പിന്റെ സ്ഥലം മടക്കി നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 29-11-1995-ലാണ് സ്ഥലം ഹൗസിംഗ് ബോർഡിന് കൈമാറിയത്.

(ബി) ഇല്ല.

(സി) സ്ഥലം മടക്കി നൽകണമെന്ന് ലാന്റ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു.

(ഡി&ഇ) സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്തതിനാൽ പുതുതായി റവന്യൂ ടവറുകൾ പണിയുന്നതിനുള്ള അനുവാദം ഉദാരമായി നൽകേണ്ടതില്ല എന്നതാണ് ഹൗസിംഗ് ബോർഡിന്റെ ഇപ്പോഴത്തെ നയം. എങ്കിലും റാന്നി റവന്യൂ ടവറിന്റെ കാര്യം പ്രത്യേകം പരിശോധിച്ച് ഉചിതമായ തീരുമാനം കൈകൊള്ളുന്നതാണ്.

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly